KSFE

ദി കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസ് ലിമിറ്റഡ്
(ഒരു കേരള സർക്കാർ സ്ഥാപനം)
ഭദ്രത, മ്യൂസിയം റോഡ്, പി. ബി. നമ്പർ. 510, തൃശ്ശൂർ – 680 020, കേരള, ഇന്ത്യ
ഫോൺ: +91 487 2332255, ഫാക്സ്: +91 487 2336232, www.ksfe.com

Ref :13037/RR/2024 30/01/2024

## സർക്കുലർ നമ്പർ 6/2024 (റിക്കവറി)

വിഷയം: **സഞ്ജീവനം II** - ചിട്ടികളിലെ കുടിശ്ശികയും, വായ്പകളിലെ നിഷ്ക്രിയ ആസ്തിയും കുറയ്ക്കുന്നതിനുള്ള പദ്ധതി ആരംഭിക്കുന്നത് സംബന്ധിച്ച്.

സൂചന: 1. 27/02/2023 തീയതിയിലെ 9/2023 (BD) നമ്പർ സർക്കുലർ.

2. 09/01/2024 തീയതിയിലെ 10160 - ൧൦ നമ്പർ ബോർഡ് തീരുമാനം.

****

ചിട്ടികളുടെ കുടിശ്ശിക ക്രമാതീതമായി വർദ്ധിക്കുന്നത് ലാഭക്ഷമതയേയും പണലഭ്യതയേയും പ്രതികൂലമായി ബാധിക്കുന്നുണ്ട്. കൂടാതെ വരുമാനത്തിന്റെ നല്ലൊരു പങ്ക് പ്രദാനം ചെയ്യുന്ന വായ്പാ പലിശ ഇനങ്ങൾ ഏറെ ആദായകരമാക്കുന്നതിനായി നിഷ്ക്രിയ ആസ്തി (NPA) കുറച്ചു കൊണ്ട് വരേണ്ടതും പരമ പ്രധാനമാണ്. ഈ വിധം പണലഭ്യതയിലും ലാഭക്ഷമതയിലും ഗുണപരമായ മാറ്റം ലക്ഷ്യമിട്ടുകൊണ്ട് ഒരു കുടിശ്ശിക നിവാരണ പദ്ധതി നടപ്പാക്കേണ്ടത് അനിവാര്യമായിരിക്കുന്നു. മുൻകാലത്ത് നടപ്പാക്കിയ ഇത്തരം കുടിശ്ശിക നിവാരണ പ്രവർത്തനത്തെ പരിഷ്കരിച്ച് **സഞ്ജീവനം II** എന്ന പദ്ധതി നടപ്പാക്കുന്നത് സംബന്ധിച്ച നിർദ്ദേശങ്ങൾ താഴെ കൊടുക്കുന്നു.

### 1. പദ്ധതിയുടെ പ്രത്യേകതകൾ

- പദ്ധതിയുടെ ലക്ഷ്യം - ചിട്ടികളുടെ കുടിശ്ശികയും, വായ്പകളിലെ നിഷ്ക്രിയ ആസ്തിയും കുറയ്ക്കുക.
- പദ്ധതിയുടെ പിരിച്ചെടുപ്പ് ലക്ഷ്യം - 2735 കോടി രൂപ.
- പദ്ധതിയുടെ കാലയളവ് - **2024 ഫെബ്രുവരി 1 മുതൽ 2024 മാർച്ച് 31 വരെ.**

### 2. വിളിച്ചെടുക്കാത്ത ചിട്ടിയിലെ കുടിശ്ശിക (NPD) നിവാരണത്തിനുള്ള നിർദ്ദേശങ്ങൾ

- പകരം ചേർക്കൽ (Substitution), പുനരുജ്ജീവനം (Revival) എന്നീ മാർഗ്ഗങ്ങളിലൂടെ കുടിശ്ശിക തീർക്കുന്നതിനാണ് ഈ പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത്.
- ചിട്ടിയുടെ 75% തവണ വരെയുള്ള കുടിശ്ശിക തീർക്കുന്നതിന് ഇടപാടുകാർക്ക് പലിശയിൽ 50% ഇളവ് നൽകാവുന്നതാണ്.
- തവണകൾ 75% അധികരിച്ചിട്ടുള്ള ചിട്ടികളിൽ കുടിശ്ശിക തീർക്കുമ്പോൾ, മുകളിൽ വിവരിച്ചതു പോലെ 75% തവണ വരെ പലിശ ഇളവോടു കൂടിയും ബാക്കി തവണകൾക്ക് പലിശ ഇളവ് ഇല്ലാതേയും തീർപ്പാക്കേണ്ടതാണ്.
- 2023 ഡിസംബർ 31 വരെ മുടക്കമുള്ള ചിട്ടികളിലെ കുടിശ്ശികക്കാർക്ക് മാത്രം പലിശയിൽ ഇളവ് അനുവദിക്കുന്നതാണ്.
- ചിട്ടിയുടെ 65% തവണ വരെ സബ്സ്റ്റിറ്റ്യൂഷൻ അനുവദിക്കാവുന്നതാണ്. ചിട്ടികളുടെ സബ്സ്റ്റിറ്റ്യൂഷൻ സംബന്ധിച്ച് മറ്റ് നിബന്ധനകൾ നിലവിലുള്ള രീതിയിൽ തന്നെ തുടരേണ്ടതാണ്.
- സ്മാർട്ട് ചിട്ടി ബ്രിഡ്ജ് ലോൺ ഉപയോഗിച്ച് കുടിശ്ശിക തീർക്കുന്ന വരിക്കാർക്കും മേൽപ്പറഞ്ഞ ആനുകൂല്യം നൽകാവുന്നതാണ്. ചിട്ടിയുടെ 65% തവണ വരെ സ്മാർട്ട് ചിട്ടി ബ്രിഡ്ജ് ലോൺ അനുവദിക്കാവുന്നതാണ്. ഇപ്രകാരം സ്മാർട്ട് ചിട്ടി ബ്രിഡ്ജ് ലോൺ അനുവദിക്കുമ്പോൾ സർക്കുലർ നമ്പർ 72/2020 ലെ എല്ലാ നിബന്ധനകളും പാലിക്കേണ്ടതാണ്.
- ചിട്ടിതവണയുടെ 65%, 75% എന്നിവ കണക്കാക്കുമ്പോൾ fraction വരുന്ന പക്ഷം തൊട്ടുതാഴെയുള്ള പൂർണ്ണസംഖ്യയായി കണക്കാക്കേണ്ടതാണ്.

## 3. വിളിച്ചെടുത്ത ചിട്ടിയിലെ കുടിശ്ശിക (Prized & Paid) നിവാരണത്തിനുള്ള നിർദ്ദേശങ്ങൾ

- 2023 ഡിസംബർ 31 വരെ കുടിശ്ശികയുള്ള ചിട്ടിയുടെ, കുടിശ്ശിക തീർക്കുന്ന പക്ഷം 9% (3% ഇളവ്) പലിശ മാത്രമാണ് ഈടാക്കേണ്ടത്.

## 4. വായ്പകളിലെ കുടിശ്ശിക നിവാരണത്തിനുള്ള നിർദ്ദേശങ്ങൾ

- KPL, KHL, CL എന്നീ വായ്പകളിൽ ഈ പദ്ധതി പ്രകാരം ഇളവ് അനുവദനീയമാണ്.
- 2023 ഡിസംബർ 31 വരെ കുടിശ്ശികയുള്ള മുകളിൽ വിവരിച്ച വായ്പാ അക്കൗണ്ടുകൾക്ക് പിഴപ്പലിശയിൽ 50% ഇളവ് അനുവദിക്കാവുന്നതാണ്.

## 5. കുടിശ്ശിക നിവാരണത്തിനുള്ള പൊതുവായ നിർദ്ദേശങ്ങൾ

- കുടിശ്ശിക തീർക്കുന്ന തവണകൾക്ക് ആനുപാതികമായി പലിശയിൽ ഇളവ് അനുവദിക്കാവുന്നതാണ്.
- സഞ്ജീവനം II പദ്ധതി പൂർണ്ണമായും സോഫ്റ്റ്‌വെയർ അധിഷ്ഠിതമായിരിക്കും.
- Fully secured ജാമ്യമുള്ള അക്കൗണ്ടുകൾക്ക് ഈ പദ്ധതി പ്രകാരമുള്ള ഇളവ് അനുവദനീയമല്ല.
- ചിട്ടിപ്പണം ഉപയോഗിച്ച് കുടിശ്ശിക തീർക്കുമ്പോൾ ഇളവ് അനുവദിക്കാവുന്നതാണ്. എന്നാൽ കുടിശ്ശികയുള്ള അക്കൗണ്ടുകൾ തീർക്കുവാനായി മറ്റ് വായ്പകൾ (SCBL ഒഴികെ) അനുവദിക്കുവാൻ പാടുള്ളതല്ല.
- **കെ.എസ്.എഫ്.ഇ ജീവനക്കാർ, ഏജന്റുമാർ, അപ്രൈസർമാർ** എന്നിവരുടെ പേരിലുള്ള അക്കൗണ്ടുകളിലെ കുടിശ്ശിക തീർക്കുന്നതിന് ഈ പദ്ധതി പ്രകാരം **ഇളവ് അനുവദിക്കുന്നതല്ല**.

## 6. മേഖലകൾക്കും ശാഖകൾക്കുമുള്ള നിർദ്ദേശങ്ങൾ

- മേഖലാ - ശാഖാ തലങ്ങളിൽ 2023 ഡിസംബർ 31 വരെയുള്ള ആകെ കുടിശ്ശികയുടെ (ഒരു തവണ മുടക്കം വന്ന അക്കൗണ്ടുകൾ അടക്കം) 25% ആണ് നേടിയെടുക്കേണ്ട ലക്ഷ്യമായി നിശ്ചയിച്ചിരിക്കുന്നത്.
- മേഖലകളുടേയും, ശാഖകളുടേയും കുടിശ്ശിക വിവരങ്ങൾ, നേടിയെടുക്കേണ്ട ലക്ഷ്യം തുടങ്ങിയവ കാസ്ബയിൽ ലഭ്യമാക്കിയിട്ടുണ്ട്.
- Chitty, KHL, KPL എന്നിവയിൽ കുടിശ്ശിക തീർക്കുന്ന തവണ സംഖ്യയും, ചിട്ടി ലോണിൽ 2023 ഡിസംബർ 31 വരെയുള്ള പലിശയോ, ചിട്ടി തവണ സംഖ്യയോ അടച്ച് നിഷ്ക്രിയ ആസ്തിയിൽ നിന്നും മാറ്റുന്ന അക്കൗണ്ടുകളുടെ കാര്യത്തിൽ വായ്പത്തുകയും ആണ് ശാഖകളുടെ ലക്ഷ്യപ്രാപ്തിയായി കണക്കാക്കുന്നത്.
- ശാഖാ മാനേജർ, അസിസ്റ്റന്റ് / ഡെപ്യൂട്ടി മാനേജർ (ഡിഫാൾട്ട്) എന്നിവരുടെ നേതൃത്വത്തിൽ ലക്ഷ്യം നേടിയെടുക്കുന്നതിനു വേണ്ടി പ്രത്യേക ടീം രൂപീകരിച്ച് പ്രവർത്തനമാരംഭിക്കേണ്ടതാണ്.
- ഇടപാടുകാർക്ക് കുടിശ്ശിക വിവരം അറിയിക്കുന്നതിനുള്ള നടപടികൾ (ഫോൺ, കത്ത്, നോട്ടീസ്) സ്വീകരിക്കേണ്ടതാണ്.
- സഞ്ജീവനം II പദ്ധതിയുമായി ബന്ധപ്പെട്ട് ആവശ്യമായ എല്ലാ റിപ്പോർട്ടുകളും കാസ്ബയിൽ ലഭ്യമാക്കുന്നതാണ്.
- മേഖലാ ഓഫീസുകൾ 2024 ഫെബ്രുവരി മാസം 2, 9, 16, 23 എന്നീ തീയതികളിലും മാർച്ച് മാസത്തിൽ 1,7,15,22 തീയതികളിലും ശാഖകളുമായി റിവ്യൂ നടത്തി പുരോഗതി ഉറപ്പാക്കേണ്ടതാണ്.
- 2024 ഫെബ്രുവരി മാസം 5,12,19,26 എന്നീ തീയതികളിലും, മാർച്ച് മാസത്തിൽ 4,11,18,25 തീയതികളിലും എല്ലാ മേഖലാ ഓഫീസുകളുടേയും റിവ്യൂ ഹെഡ് ഓഫീസിന്റെ നേതൃത്വത്തിൽ നടത്തുന്നതാണ്. മേഖലകളുടെ ചുമതലയുള്ള നോഡൽ ഓഫീസർമാർ പ്രസ്തുത യോഗത്തിൽ പങ്കെടുക്കേണ്ടതാണ്.

മികച്ച പ്രകടനം കാഴ്ച വെയ്ക്കുന്ന ശാഖകൾക്കും മേഖലകൾക്കും പ്രത്യേക പ്രോത്സാഹന സമ്മാനം ഉണ്ടായിരിക്കുന്നതാണ്. ഈ പദ്ധതിയുമായി ബന്ധപ്പെട്ട നോട്ടീസ്, ബാനർ, കത്ത് എന്നിവയുടെ മാതൃക ലഭ്യമാക്കുന്നതാണ്.

സഞ്ജീവനം II പദ്ധതിയിലൂടെ കുടിശ്ശിക നിവാരണ പ്രവർത്തനം ഊർജ്ജിതമാക്കിക്കൊണ്ട് നടപ്പ സാമ്പത്തിക വർഷത്തിൽ സ്ഥാപനത്തെ കൂടുതൽ മികവിലേയ്ക്ക് ഉയർത്തുവാൻ സർവ്വാത്മനാ യത്നിക്കേണ്ടതാണെന്ന് അറിയിച്ചു കൊള്ളുന്നു.

വിശ്വസ്തതയോടെ
കെ.എസ്.എഫ്. ഇ യ്ക്ക് വേണ്ടി

**ഡോ.സനിൽ എസ്.കെ**
**മാനേജിംഗ് ഡയറക്ടർ**

**To:- എല്ലാ ശാഖാ തലവന്മാർക്കും**

പകർപ്പ്

1. എല്ലാ മേഖലാ ഓഫീസുകൾക്കും
2. എല്ലാ IAD ടീമുകൾക്കും / പ്രിവന്റീവ് വിജിലൻസ് സ്ക്വാഡുകൾക്കും
3. MD യുടെ PA
4. ഹെഡോഫീസിലെ എല്ലാ വകുപ്പ് മേധാവികൾക്കും
5. എല്ലാ SDT ഓഫീസുകൾക്കും
6. സർക്കുലർ ഫയൽ

# Annexure - I

**സഞ്ജീവനം** II പദ്ധതിയുടെ മേഖലാ തലത്തിലുള്ള നോഡൽ ഓഫീസർമാരായി താഴെപ്പറയുന്ന ഉദ്യോഗസ്ഥരെ നിയമിച്ചിരിക്കുന്നു.

| ക്രമ നമ്പർ | മേഖല | നോഡൽ ഓഫീസറുടെ പേര് | മൊബൈൽ നമ്പർ |
|---|---|---|---|
| 1. | തിരുവനന്തപുരം (അർബൻ) | ശ്രീ. സിബി ജോസഫ് | 9495537938 |
| 2. | തിരുവനന്തപുരം (റൂറൽ) | ശ്രീ. വിനോദ്. വി | 9496882992 |
| 3. | കൊല്ലം ( അർബൻ) | ശ്രീ. ഗോപകുമാർ. ജി | 8547203035 |
| 4. | കൊല്ലം (റൂറൽ) | ശ്രീ. ഇന്ദുചൂഡൻ. എസ്.വി | 9447551957 |
| 5. | പത്തനംതിട്ട | ശ്രീ. അനിൽകുമാർ.കെ.ജി | 9446287232 |
| 6. | കട്ടപ്പന | ശ്രീ. ബിജു. വി | 9446036235 |
| 7. | ആലപ്പുഴ | ശ്രീ. നജീർ യാസർ. പി. എ | 9447351630 |
| 8. | കോട്ടയം | ശ്രീ. ശിവദാസൻ പി.സി | 9656958185 |
| 9. | എറണാകുളം (അർബൻ) | ശ്രീ. ബൈജു പി.എം | 9446763240 |
| 10. | എറണാകുളം (റൂറൽ) | ശ്രീ. ഷാജി പി.പി | 9447968047 |
| 11. | തൃശ്ശൂർ | ശ്രീ. ഷൈജു. ജെ | 9446848456 |
| 12. | പാലക്കാട് | ശ്രീ. ബാബു എ. ആർ | 9961430190 |
| 13. | മലപ്പുറം | ശ്രീ. പാശൻ സി.കെ | 9495781971 |
| 14. | കോഴിക്കോട് (അർബൻ) | ശ്രീ. ജയകൃഷ്ണൻ. ടി | 9495853461 |
| 15. | കോഴിക്കോട് (റൂറൽ) | ശ്രീ. ഗോപീകൃഷ്ണൻ. പി .എൻ | 9447375573 |
| 16. | കണ്ണൂർ | ശ്രീ. അജി കെ കരീം | 9447830165 |

# Annexure – II

**സഞ്ജീവനം II** പദ്ധതിയുടെ മേഖലാ തലത്തിലുള്ള പിരിച്ചെടുപ്പ് ലക്ഷ്യം (കോടി രൂപയിൽ) താഴെ നൽകിയിരിക്കുന്നു.

| Sl No | Region | NPD Target | PAP Target | TC Target | KHL Target | KPL Target | CL Target | Total Target |
|---|---|---|---|---|---|---|---|---|
| 1. | തിരുവനന്തപുരം (അർബൻ) | 213.98 | 58.30 | 39.92 | 1.46 | 6.20 | 35.83 | 355.69 |
| 2. | തിരുവനന്തപുരം (റൂറൽ) | 120.95 | 28.38 | 15.27 | 2.31 | 4.88 | 17.49 | 189.28 |
| 3. | കൊല്ലം ( അർബൻ) | 138.01 | 35.34 | 20.88 | 1.22 | 3.83 | 18.41 | 217.70 |
| 4. | കൊല്ലം (റൂറൽ) | 77.13 | 21.60 | 11.28 | 2.06 | 4.17 | 9.12 | 125.36 |
| 5. | പത്തനംതിട്ട | 82.55 | 16.63 | 3.95 | 0.77 | 2.55 | 6.75 | 113.20 |
| 6. | കട്ടപ്പന | 67.88 | 15.34 | 7.46 | 0.88 | 2.99 | 12.64 | 107.19 |
| 7. | ആലപ്പുഴ | 141.52 | 38.58 | 15.22 | 2.12 | 5.62 | 18.91 | 221.97 |
| 8. | കോട്ടയം | 122.37 | 33.47 | 21.09 | 1.27 | 4.17 | 13.84 | 196.22 |
| 9. | എറണാകുളം (അർബൻ) | 84.73 | 24.17 | 9.54 | 0.52 | 1.58 | 5.49 | 126.03 |
| 10. | എറണാകുളം (റൂറൽ) | 59.86 | 17.68 | 9.70 | 0.67 | 2.08 | 6.96 | 96.95 |
| 11. | തൃശ്ശൂർ | 105.33 | 34.76 | 22.42 | 0.74 | 3.23 | 10.64 | 177.12 |
| 12. | പാലക്കാട് | 60.30 | 18.22 | 6.90 | 0.88 | 2.41 | 7.88 | 96.60 |
| 13. | മലപ്പുറം | 90.23 | 25.30 | 17.93 | 0.98 | 3.37 | 16.25 | 154.05 |
| 14. | കോഴിക്കോട് (അർബൻ) | 115.00 | 35.84 | 25.82 | 4.05 | 7.33 | 39.04 | 227.09 |
| 15. | കോഴിക്കോട് (റൂറൽ) | 67.67 | 23.77 | 15.52 | 3.26 | 5.70 | 22.70 | 138.62 |
| 16. | കണ്ണൂർ | 117.75 | 34.23 | 15.67 | 2.40 | 4.36 | 17.16 | 191.57 |
| | **ആകെ** | **1665** | **462** | **259** | **26** | **64** | **259** | **2735** |